# സാമ്പിൾ ചോദ്യപ്പേപ്പർ

# മലയാളം

PAPER II



# പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ

## മലയാളം പേപ്പർ - 2

1. കഥകൾ, നോവലുകൾ തുടങ്ങിയവ വായിച്ച് ആസ്വാദനക്കുറിപ്പുകൾ, കഥാപാത്രനിരൂപണം എന്നിവ തയാറാക്കുന്നതിന്
2. ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ രചനകൾ, വാർത്തകൾ എന്നിവ വായിച്ച് കുറിപ്പ് എടുക്കുന്ന തിന്
3. പഴഞ്ചൊല്ലുകൾ, അർഥഗർഭമായ കാവ്യഭാഗങ്ങൾ എന്നിവയിലെ ആശയം സ്വന്തം രീതിയിൽ വിക സിപ്പിച്ച് അവതരിപ്പിക്കുന്നതിന്
4. ചാർട്ടുകൾ, പട്ടികകൾ തുടങ്ങിയവയിലൂടെ ആവിഷ്കരിച്ചിട്ടുള്ള ആശയങ്ങൾ വാക്യങ്ങളിൽ മാറ്റി എഴുതുന്നതിന്
5. ആശയങ്ങൾ ചാർട്ടുകളിലൂടെയും പട്ടികകളിലൂടെയും സംഗ്രഹിച്ച് അവതരിപ്പിക്കുന്നതിന്
6. വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട ഫോറങ്ങൾ പൂരിപ്പിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും അവയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ചിട്ടപ്പെടുത്തി എഴുതുന്നതിനും
7. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട കത്തുകൾ അപേക്ഷകൾ, നിവേദനങ്ങൾ തുടങ്ങിയ വ്യവ ഹാര രൂപങ്ങൾ രചിക്കുന്നതിന്
8. വാർത്തകൾ തയാറാക്കുന്നതിനും എഡിറ്റ് ചെയ്യുന്നതിനും
9. സംഭാഷണം, അഭിമുഖം, പ്രഭാഷണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയാറാ ക്കുന്നതിന്
10. പരിചിതമായ വിഷയത്തെ അടിസ്ഥാനമാക്കി ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഉപന്യാസ ങ്ങൾ, പ്രഭാഷണങ്ങൾ എന്നിവ തയാറാക്കുന്നതിന്
11. യാത്രാനുഭവങ്ങൾ, വായനാനുഭവങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള വർണനകൾ തയാ റാക്കുന്നതിന്
12. വസ്തുനിഷ്ഠമായ രചനകൾ, ആത്മനിഷ്ഠമായ രചനകൾ എന്നിവ വായിച്ച് ആശയം ഗ്രഹിക്കുന്ന തിന്
13. അഭിരുചിക്കനുസരിച്ച് സർഗാത്മകരചനകളിൽ ഏർപ്പെടുന്നതിന്.
14. ചിഹ്നം, ഭാഷാനിയമങ്ങൾ, ആശയ ക്രമീകരണം എന്നിവയുടെ അടിസ്ഥാനത്തിൽ മറ്റുള്ളവരുടെ രചനകൾ ചിട്ടപ്പെടുത്തുന്നതിന്.

## പാഠ്യപദ്ധതി പ്രസ്താവനകൾ ആപേക്ഷിക പ്രാധാന്യം

| | പാഠ്യപദ്ധതി പ്രസ്താവനാമേഖലകൾ | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് | ആകെ | ശതമാനം |
|---|---|---|---|---|---|
| 1 | ദൈനംദിനവ്യവഹാരവുമായി ബന്ധപ്പെട്ടവ | 2 | 8,4 | 12 | 24 |
| 2 | സാഹിത്യാസ്വാദനവുമായി ബന്ധപ്പെട്ടവ | 1 | 4 | 4 | 8 |
| 3 | സർഗാത്മകസ്വഭാവുമുള്ളവ | 2 | 6,4 | 10 | 20 |
| 4 | ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടവ | 4 | 6,6,6,6 | 24 | 48 |

## ചോദ്യമാതൃകകൾക്കുള്ള ആപേക്ഷിക പ്രാധാന്യം

| | പാഠ്യപ്രസ്താവന മേഖല | എണ്ണം | സ്കോർ | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനിഷ്ഠമാതൃക | 1 | 4 | 8 |
| 2 | ഹ്രസ്വോത്തരം | 7 | 38 | 76 |
| 3 | ഉപന്യാസം | 1 | 8 | 16 |

# എസ്.എസ്.എൽ.സി
# മാതൃകാചോദ്യപേപ്പർ

## മലയാളം
## പേപ്പർ – II

സ്കോർ - 50
സമയം 1½ മണിക്കൂർ

**പൊതു നിർദ്ദേശങ്ങൾ**

- ആകെ 9 ചോദ്യങ്ങളാണ് തന്നിരിക്കുന്നത്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയതിനുശേഷമേ ഉത്തരമെഴുതാവൂ.
- ഓരോ ചോദ്യത്തിനും പ്രതീക്ഷിക്കുന്ന ഉത്തരത്തിന്റെ ദൈർഘ്യം ചോദ്യത്തിനൊപ്പം നൽകിയിട്ടുണ്ട്.
- സമയം പാലിച്ചുകൊണ്ട് ഉത്തരമെഴുതാൻ ശ്രമിക്കണം.

**1. സംഭാഷണം തയാറാക്കുക**

അബിയും പാത്തുക്കുട്ടിയും ചന്തയിൽ ചാമ്പങ്ങ വിൽക്കുന്നത് ബഷീർ കണ്ടു. തുടർന്ന് ബഷീറും ആ കുട്ടികളും തമ്മിൽ നടക്കാനിടയുള്ള ഒരു സംഭാഷണം തയാറാക്കുക (അര പേജ്) **(4)**

**2. ലഘു കുറിപ്പു തയാറാക്കുക**

അബ്ദുൾ ഖാദർ

- അധ്യാപകൻ
- ബീഡിതെറുപ്പുകാരൻ
- തകരപ്പണിക്കാരൻ
- കഠിനാധ്വാനി
- കുടുംബസ്നേഹി

**കാണാനില്ലെന്ന് പരാതി**

*വൈക്കം: 30 വയസ്സായ മകനെ കാണാനില്ലെന്ന് കീഴ്വീട്ടിൽ ശ്രീദേവി പോലീസിൽ പരാതി നൽകി. ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടിയിട്ടും ജോലിലഭിക്കാത്തതുകൊണ്ടുള്ള കടുത്ത നിരാശ മൂലമാണ് മകൻ നാടുവിട്ടതെന്ന് അവർ മൊഴി നൽകി. പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.*

പാത്തുമ്മായുടെ ആടിലെ അബ്ദുൾ ഖാദറിന്റെ സ്വഭാവസവിശേഷതകളും പത്രവാർത്തയിലെ യുവാവിന്റെ മനോഭാവവും ശ്രദ്ധിക്കുക. ജീവിതസന്ദർഭങ്ങളെ ഇവർ നേരിട്ട രീതി വിശകലനം ചെയ്ത് ആരുടെ ജീവിതരീതിയോടാണ് നിങ്ങൾ യോജിക്കുന്നതെന്ന് വ്യക്തമാക്കിക്കൊണ്ട് ലഘുകുറിപ്പ് തയ്യാറാക്കുക. (അരപ്പേജ്) **(6)**

**3. വിലയിരുത്തൽ കുറിപ്പു തയാറാക്കുക**

'ഉപ്പുപ്പാ എന്നു പറഞ്ഞാൽ അപ്പൂപ്പൻ. ലൈലായുടെ ഉമ്മായുടെ ബാപ്പയാണ്. മേപ്പടിയാൻ താമസിക്കുന്നത് ഹനീഫായുടെ കൃഷിത്തോട്ടത്തിന്റെ അടുത്താണ്. ആ ഭാഗത്ത് എവിടെയോ ഒരു റെയിൽവേസ്റ്റേഷൻ വരാൻ പോകുന്നുണ്ട്. അപ്പോൾ സ്ഥലത്തിനു പറയുന്ന വിലകിട്ടും. തന്നെയുമല്ല ആ ഭാഗം തെളിയും. ഇതെല്ലാം കാലേക്കൂട്ടി ആലോചിച്ചിട്ടുതന്നെ ലൈലായുടെ ഉപ്പൂപ്പാ ഹനീഫായെക്കൊണ്ട് ആ സ്ഥലം വാങ്ങിപ്പിച്ചതാണ്.'

–' മലയാളിയുടെ മാറുന്ന മനസ്സിനെ മുൻകൂട്ടി കാണാൻ ബഷീറിനു കഴിഞ്ഞിരുന്നു.' എന്ന പ്രസ്താവനയെ മുകളിൽ കൊടുത്ത നോവൽ സന്ദർഭവുമായി ബന്ധപ്പെടുത്തി വിലയിരുത്തുക (അരപ്പേജ്) **(6)**

**4. പത്രവാർത്ത തയാറാക്കുക**

'നെയ്മോഷണം, മോഷ്ടാവ് പിടിയിൽ'

പാത്തുമ്മായുടെ ആട് എന്ന നോവലുമായി ബന്ധപ്പെട്ട ഒരു സംഭവത്തിന്റെ തലക്കെട്ടാണ് തന്നിരിക്കുന്നത്. ഈ സന്ദർഭത്തിനിണങ്ങുന്ന ഒരു പത്രവാർത്ത തയാറാക്കുക. (അരപ്പേജ്) **(4)**

**5. പ്രസ്താവന രൂപപ്പെടുത്തുക**

"അനുഭവങ്ങളുടെ ഒരു വൻകര"– എം.എൻ.വിജയൻ "ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേട്. അതിന്റെ വക്കുകളിൽ രക്തം പൊടിഞ്ഞിരിക്കുന്നു." എം.പി.പോൾ

ബഷീർകൃതികളെക്കുറിച്ചുള്ള രണ്ടു നിരൂപകന്മാരുടെ അഭിപ്രായമാണ് മുകളിൽ തന്നിരിക്കുന്നത്.

നിങ്ങൾ വായിച്ച ബഷീർകൃതികളെ അടിസ്ഥാനമാക്കി ഇതുപോലെ ഒറ്റവാക്യത്തിലുള്ള അഭിപ്രായം രേഖപ്പെടുത്തുക **(4)**

**6. വാങ്മയ ചിത്രം തയാറാക്കുക**

പാത്തുമ്മായുടെ ആട് അബിയുടെ ഹാഫ്ട്രൗസറിന്റെ മുൻവശം മുഴുവനും തിന്നു കഴിഞ്ഞു! ബാക്കിയുള്ളതിന് പിടികൂടിയിട്ടുണ്ട്. അബി ആടിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചിരിക്കുന്നു. പാത്തുക്കുട്ടി വാലിൽ പിടിച്ചുവലിക്കയാണ്. സൈദുമുഹമ്മദ് കൊമ്പിൽ പിടിച്ചിട്ടുണ്ട്. റഷീദും സുബൈദയും മറ്റൊന്നിലും ശ്രദ്ധിക്കാതെ തള്ളവിരലുകൾ വായിലിട്ടുനുണഞ്ഞുകൊണ്ടു മുറ്റത്തിരിക്കയാണ്. ലൈലൈ ആടിന്റെ പള്ളയ്ക്കു പിടിച്ചു കൊണ്ട് അതിനെ ചീത്ത പറയുന്നു.

വാക്കുകൾകൊണ്ട് രസകരമായ ഒരു ചിത്രമാണ് ബഷീർ ഇവിടെ വരച്ചിട്ടിരിക്കുന്നത്. 'ആടിന്റെ തല കലത്തിൽ കുടുങ്ങിയ' സന്ദർഭം ഇതുപോലെ വാക്കുകൾ കൊണ്ട് ചിത്രീകരിക്കാമോ? (അരപ്പേജ്) **(6)**


**7 വ്യാഖ്യാനിക്കുക**

'ഓണം പിറന്നാലും ഉണ്ണിപിറന്നാലും

കോരനു കുമ്പിളിൽ കഞ്ഞി'

ഈ ചൊല്ലിന്റെ ആശയം ഇന്നത്തെ സാമൂഹിക സാഹചര്യവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക (അരപ്പേജ്) **(6)**

**8 കേരളത്തിൽ സർക്കാർ ചെലവിൽ ആരോഗ്യരംഗത്തെ വിഹിതം (ശതമാനത്തിൽ)**




**(CSES കൊച്ചി തയാറാക്കിയത്)**

**പകർച്ചവ്യാധികൾ**

| രോഗം | രോഗബാധിതർ | | മരണമടഞ്ഞവർ | |
|---|---|---|---|---|
| | 2002 | 2003 | 2002 | 2003 |
| ഡെങ്കിപ്പനി | 263 | 3861 | 1 | 67 |
| എലിപ്പനി | 2928 | 2162 | 199 | 98 |
| ടൈഫോയിഡ് | 8408 | 12996 | 5 | 3 |
| വയറിളക്കം | 539863 | 506034 | 26 | 16 |

(എക്കണോമിക് റിവ്യൂ: സംസ്ഥാന ആസൂത്രണ ബോർഡ് – 2004.) മുകളിൽ കൊടുത്ത രണ്ടു പട്ടികകൾ വിശകലനം ചെയ്ത് *'ആരോഗ്യരംഗം: സർക്കാർ പിൻവാങ്ങുന്നു?'* എന്നതിനെപ്പറ്റി ഒരു റിപ്പോർട്ട് തയാറാക്കുക **(6)**

**9 പ്രഭാഷണം തയാറാക്കുക**

"മലയാളിയുടെ മക്കൾ മലയാളം പഠിക്കണം"

ഈ മുദ്രാവാക്യം മുൻനിർത്തി നവംബർ1, കേരളപ്പിറവി ദിനത്തിൽ സ്കൂൾ അസംബ്ലിയിൽ നിങ്ങൾ നടത്തുന്ന ഒരു പ്രഭാഷണം തയാറാക്കുക. (ഒന്നര പേജ്)

ഈ സൂചനകൾകൂടി പ്രയോജനപ്പെടുത്താം.

- മലയാളിക്കു സ്വന്തം നാടിനോടുള്ള മമത നഷ്ടപ്പെടുന്നതിന്റെ സൂചനയാണോ ഇത്?
- നിലമറന്നുള്ള ഇംഗ്ലീഷ് സ്നേഹം നമുക്കു ഭീഷണിയാണോ?
- മാതൃഭാഷയുടെ മഹത്വം നമ്മൾ മറന്നുകൊണ്ടിരിക്കയാണോ?
- മലയാളത്തെ രക്ഷിക്കാൻ നമുക്കെന്തെല്ലാം ചെയ്യാൻ കഴിയും? **(8)**

## എസ്.എസ്.എൽ.സി
## മാതൃകാ ചോദ്യ പേപ്പർ

സ്കോർ - 50

സമയം 1½ മണിക്കൂർ

### മൂല്യനിർണയ സൂചകങ്ങൾ

| നം. | | സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1 | • സന്ദർഭത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് | 2 | |
| | • നോവലിലെ സംഭാഷണ ഭാഷ പ്രയോഗിച്ചിട്ടുണ്ട് | 2 | 4 |
| 2 | • നൽകിയിട്ടുള്ള സാമഗ്രികളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | |
| | • ജീവിത സന്ദർഭങ്ങളെ നേരിട്ട രീതി താരതമ്യം ചെയ്തിട്ടുണ്ട് | 1 | |
| | • രണ്ടു പേരുടെയും കാഴ്ചപ്പാടുകൾ വിശകലനം ചെയ്തിട്ടുണ്ട് | 2 | |
| | • സ്വന്തമായ നിഗമനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. | 2 | 6 |
| 3 | • നോവൽസന്ദർഭത്തിന്റെയും പ്രസ്താവനയുടെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | • ഇവയുടെ ആശയപ്പൊരുത്തം കണ്ടെത്തിയിട്ടുണ്ട് | 2 | |
| | • ആധുനിക മലയാളിയുടെ ലാഭേച്ഛയുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചിട്ടുണ്ട്. | 2 | |
| | • സ്വന്തം അഭിപ്രായം സമർഥിച്ചിട്ടുണ്ട്. | 1 | 6 |
| 4 | • നോവൽസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | |
| | • സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. | 2 | |
| | • പത്രഭാഷയുടെ ഘടന, ശൈലി, ഇവ പാലിച്ചിട്ടുണ്ട് | 1 | 4 |
| 5 | • ബഷീർകൃതികളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് | 2 | |
| | • ചുരുങ്ങിയ വാക്കുകളിൽ ആകർഷകമായി അഭിപ്രായം രേഖപ്പെടുത്തി യിട്ടുണ്ട്. | 2 | 4 |
| 6 | • വാക്കുകൾകൊണ്ട് ചിത്രം വരയ്ക്കുന്ന രീതി തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | |
| | • നിർദ്ദിഷ്ട സന്ദർഭം തന്റേതായ കാഴ്ചപ്പാടിൽ വിലയിരുത്തിയിട്ടുണ്ട് | 2 | |
| | • അനുയോജ്യമായ ഭാഷയിൽ ചിത്രീകരിച്ചിട്ടുണ്ട് | 3 | 6 |
| 7 | • ചൊല്ലിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | • സാമൂഹികാവസ്ഥയുമായി താരതമ്യം ചെയ്തിട്ടുണ്ട് | 1 | |
| | • തന്റേതായ കാഴ്ചപ്പാടിൽ വിശകലനം ചെയ്തിട്ടുണ്ട് | 1 | |
| | • നിഗമനം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 2 | 6 |
| 8 | • പട്ടികകൾ വിശകലനം ചെയ്തിട്ടുണ്ട് | 2 | |
| | • താരതമ്യം ചെയ്ത് ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | • സ്വന്തം നിഗമനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. | 2 | 6 |
| 9 | • വിഷയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | |
| | • ഭാഷയുടെ സമകാലിക അവസ്ഥ വിശകലനം ചെയ്തിട്ടുണ്ട് | 2 | |
| | • സ്വന്തം കാഴ്ചപ്പാട് യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് | 3 | |
| | • അനുയോജ്യമായ ഭാഷ, ഘടന ഇവ പാലിച്ചിട്ടുണ്ട്. | 2 | 8 |

## ചോദ്യങ്ങളുടെ വിശകലനം

| ചോദ്യ നം. | പാഠ്യപദ്ധതി പ്രസ്താവന മേഖല | വ്യവഹാര രൂപം | ചോദ്യമാതൃക | മാനസികപ്രക്രിയ | സ്കോർ | സമയം |
|---|---|---|---|---|---|---|
| 1 | സർഗാത്മക സ്വഭാവമുള്ളവ | സംഭാഷണം | ഹ്രസ്വോത്തരം | 10,8,7 | 4 | 6 |
| 2 | ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടവ | ലഘുകുറിപ്പ് | ഹ്രസ്വോത്തരം | 7,6,5,4,3,2,1 | 6 | 9 |
| 3 | ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടവ | ലഘുകുറിപ്പ് | ഹ്രസ്വോത്തരം | 1,2,3,5,8,9 | 6 | 10 |
| 4 | ദൈനംദിന വ്യവഹാരവുമായി ബന്ധപ്പെട്ടവ | പത്രവാർത്ത | ഹ്രസ്വോത്തരം | 4,6,7,10 | 4 | 5 |
| 5 | ആസ്വാദനവുമായി ബന്ധപ്പെട്ടത് | ലഘുവാക്യം | വസ്തുനിഷ്ഠ മാതൃക | 1,2,3,5,7,9 | 4 | 6 |
| 6 | സർഗാത്മകസ്വഭാവമുള്ളവ | ലഘുവാക്യം | ഹ്രസ്വോത്തരം | 1,3,6,7,8 | 6 | 10 |
| 7 | ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടത് | കുറിപ്പ് | ഹ്രസ്വോത്തരം | 1,2,3,5,6,7,9,10 | 6 | 10 |
| 8 | ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടത് | ലഘുകുറിപ്പ് | ഹ്രസ്വോത്തരം | 2,3,5,6,7,9,10 | 6 | 9 |
| 9 | ദൈനംദിന വ്യവഹാരവുമായി ബന്ധപ്പെട്ടത് | പ്രഭാഷണം | ഉപന്യാസം | 2,3,4,5,6,7,9,10 | 8 | 25 |